# E-CHRONICLE 2020



# A.E.P.M.H.S.S
# IRUMPANANGADU

**എ.ഈശ്വരപിള്ള മെമ്മോറിയൽ ഹയർസെക്കന്ററി സ്കൂൾ (AEPMHSS)**

ഇരുമ്പനങ്ങാട്,എഴുകോൺ,കൊല്ലം

ഫോൺ :0474-2482196,24836

സ്ഥാപിതം



# STATEMENT OF PUBLICATION


| | |
|---|---|
| Place of publication | : Irumpanangadu |
| Periodicity of Publication | : Annual |
| Printer's Name | : Bindu. R. S |
| Nationality | : Indian |
| Address | : Headmistress<br>AEPMHSS<br>Irumpanangadu |
| Managing Editor | : L.Shylaja |
| Staff Editor | : Aswathy.N.L |

*I BINDU R.S, hereby declare that the particular given above are true to the best of my knowledge and belief*

Irumpanangadu

sd/-

Bindu.R.S

| | |
|---|---|
| Proof Reading | : G.Rajasekharan Nair |
| Photos | : STD X<br>Little kites unit |
| Design , Layout & Cover Design | : Vimal Maheswar |




"നല്ലതും ചീത്തയും തിരിച്ചറിയുകയും നല്ലതിനെ സ്വീകരിക്കുകയും
ചീത്തയെ പുറന്തള്ളുകയും പഠിപ്പിക്കാത്ത വിദ്യാഭ്യാസം
ആ പേരിന് അർഹമല്ല."

- മഹാത്മാഗാന്ധി4

# ആദരാഞ്ജലികൾ




അഗ്നിച്ചിറകുകൾക്ക്
പ്രണാമം......

**ഡോ. എ.പി.ജെ.അബ്ദുൾകലാം**



" മാന്ത്രിക തൂലികയ്ക്ക്
പ്രണാമം "

**പ്രൊഫ : ഓ.എൻ.വി.കുറുപ്പ്**

# FOUNDER MANAGER



## Late. A.Easwara Pillai Ex.MLA

# *Our Guiding Light*



## *Late E. Krishnanunni Nair Msc.,BT*

# In The Memory Of
# Our Former Manager



## Late.E.Rajendran Ex.MLA

# Our Former Manager



## Smt. NIRMALA DEVI.M

# OUR MANAGER



## Mr.DEEPAK . R

# OUR HEADMISTRESS




# LITTLEKITES MISTRESSES



# HIGH SCHOOL STAFF






# *LITTLE KITES MEMBERS*

# *2018-2021*


പാഠം ഒന്ന്




എ. ഈശ്വരപിള്ള മെമ്മോറിയൽ
ഹയർസെക്കണ്ടറി സ്കൂൾ
ഇരുമ്പനങ്ങാട്
കാസർകോട് നടന്ന
60 – ാമത് സ്കൂൾ കലോത്സവത്തിൽ
ഹൈസ്കൂൾ വിഭാഗം പാഠകത്തിൽ
A ഗ്രേഡ് കരസ്ഥമാക്കിയ
ഹരികൃഷ്ണൻ പി.എസ് –ന്
അഭിനന്ദനങ്ങൾ...
PTA & STAFF

## താളുകൾ മറിയുമ്പോൾ

വാക്കുകൾ വർണ്ണങ്ങളാകുമ്പോൾ....17
എ.ഇ.പി.എം. എച്ച്.എസ്.എസ്. ഒരു ചരിത്രം....18
ബന്ധനം....21
മെൽബണിൽ നിന്നൊരു കത്ത്....22
ഹേമന്ത രാത്രികൾ....24
ആത്മാവിന്റെ നൊമ്പരം....25
മഴ....26
മൊഴിമുത്തുകൾ....27
ശ്രീനാരായണഗുരു....28
ഗുരുനാഥൻ....28
ക്വിസ്....29
പ്രമേഹ ദിനം....30
വിദ്യാലയം....31
പെറ്റമ്മ....32
ക്വിസ്....33
അസാപ്....34
പുസ്തകങ്ങൾ കൂട്ടുകാർ....35
ഓർമ്മക്കുറിപ്പ്....36
അന്താരാഷ് ട്ര റെഡ്ക്രോസ് സംഘടനയും ജൂനിയർ റെഡ്ക്രോസും....37
പഴഞ്ചൊല്ലുകൾ....39
ലോകനന്മയ്ക്ക് സ്കൗട്ട് &ഗൈഡ് പ്രസ്ഥാനം....40
കരിയർ തെരഞ്ഞെടുപ്പ്....41
Child labour a real abuse of humanity....42
മുത്തിന്റെ കഥ....43
വിഷമവൃത്തം....45
മറന്നു നീ എല്ലാം....46
എഴുത്തുകാരും തൂലികാനാമങ്ങളും....47
നൈരാശ്യം....48
അമ്മ....49
സരിഗമപധനിസ....50
Why study algebra?....55
MEANING OF "JANAGANAMANA"....57
നന്ദി....59

# Manager's message



*"Great Dreams Of Great Dreamers Are Always Transcended"*

*- A. P. J Abdul kalam-*

*Our school was founded in 1928 as a Pre-primary educational institution and is one of the oldest in the Kollam district of Kerala. The school we see today is the hard-work of a man. We owe everything we have today to this man, the late Adv . A . Easwarapillai Ex . MLA who founded this institution in 1928. Our founder manager passed away in 1978 and his younger son the late E.Rajendran Ex . MLA took over the management of the school. He was ably guided and supported by his elder brothers E.Chandrasekharan Nair (Ex.Minister) and late E.Krishnanunni Nair in the management of this institution.We Have also been fortunate enough to count many outstanding personalities like Kottarakkara Sreedharan Nair, Sri .T.C.Yohannan, Kakkanadan etc. among the elite group of our former students and teachers.*

*Now coming to the magazine, it embodies our true spirit and unity ,in the way we have come together to achieve a greater objective in a short period of time. I am sure that this magazine will serve great podium for many of our future stars to exhibit their talent. Last but not least, I take this opportunity to congratulate everyone involved with this magazine for bringing out a true masterpiece. This exemplifies what great team-work can do. Wishing my best to all.*

*Yours ,*

*Deepak.R*

# വാക്കുകൾ വർണ്ണങ്ങളാകുമ്പോൾ.....



ശൈലജ .എൽ

വിദ്യാഭ്യാസം കൊണ്ട് മാത്രമേ ഒരു ഗ്രാമത്തിന് ഉയർച്ച ഉണ്ടാകുയെന്ന് ചിന്തിച്ച്, മനുഷ്യസ്നേഹത്തിന്റെ മഹാമന്ത്രം ജന്മനാടിന് നൽകിയ എ. ഈശ്വരപിള്ള Ex.MLA അവർകളുടെ തിരുനാമത്തിൽ അറിയപ്പെടുന്നഈ സ്കൂൾ പൊതുവിദ്യാഭ്യസ വീക്ഷണത്തിന്റെ ഉത്തമ മാതൃകയാണ്. ഈശ്വരീയം എന്ന പേര് ഈ മാഗസീന് ഉചിതം തന്നെയാണ്.ലോകത്തിന്റെ ഏത് കോണിൽ മലയാളികളുണ്ടോ,അവിടെയെല്ലാം നമ്മുടെ കലാലയത്തിലെ പ്രതിഭകളുമുണ്ട്.

സർഗ്ഗാത്മകതകൊണ്ട് പുഷ്ളിപ്പെട്ട ഒരു ക്യാമ്പസാണിത്. ഈ മാഗസീൻ നിങ്ങളുടെ ആത്മാവിന്റെ തുടിപ്പും ഹൃദയത്തിന്റെ സംഗീതവുമാണ്. അക്ഷരങ്ങളെ ആയുധമാക്കുവാൻ നമുക്ക് കഴിയണം. നമുക്ക് മുമ്പേ നടന്നു പോയ മഹാരഥന്മാർ തെളിച്ച പാതയിലൂടെ കളങ്കവും കാപട്യവുമില്ലാതെ മുന്നേറാൻ ഏവർക്കും കഴിയണം. കേവലം പാഠ്യപ്രവർത്തനങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കാതെ പാഠ്യേതര പ്രവർത്തനങ്ങളിലും ഈ സ്കൂൾ സ്വന്തമാക്കിയ നേട്ടങ്ങൾ നമുക്കിതിൽ കാണാം.

കണ്ടും കേട്ടും വായിച്ചും പറഞ്ഞും അറിഞ്ഞും അറിയാതെയും നിങ്ങളിൽ ഓരോരുത്തരിലും രൂപപ്പെട്ട സമൂഹത്തിന്റെ കയ്യൊപ്പുകളാണ് ഇതിൽ നിറഞ്ഞിരിക്കുന്നത്. കുഞ്ഞുമനസ്സുകളുടെ സർഗ്ഗകലാവൈഭവങ്ങളാണ് ഇതിന്റെഏടുകൾ മറിക്കുമ്പോൾ കൂടുതലും കാണുന്നത്. ഒപ്പം സുമനസ്സുകളുടെ ചില കയ്യൊപ്പുകളും രേഖപ്പെടുത്തിയിട്ടുണ്ട്. വിഭവങ്ങൾ പരിമിതമെങ്കിലും ഹൃദ്യമാക്കുവാൻ പരിശ്രമിച്ചിട്ടുണ്ട്.

അകാലത്തിൽ നമ്മെ വിട്ടുപിരിഞ്ഞ മുൻ മാനേജർ ഇ. രാജേന്ദ്രൻ സാറിനെ ഈ അവസരത്തിൽ മറക്കാൻ കഴിയുകയില്ല. നമ്മുടെ എല്ലാവരുടെയും മാർഗ്ഗദർശിയായിരുന്നു അദ്ദേഹം. ചരിത്രങ്ങൾ നന്മയുടെ പാഠങ്ങളാകട്ടെ. കടന്നുവന്ന വഴികൾ കാടുമൂടാതിരിക്കട്ടെ. ഗൃഹാതുരതയുടെ അകമ്പടിയോടെ നിങ്ങൾ ഇത് വായിക്കണം. ഈ കലാലയത്തെക്കുറിച്ച് ഓർക്കുമ്പോഴെല്ലാം വായിക്കണം. അക്ഷരങ്ങളെ സ്നേഹിക്കുന്നവർക്ക് മുന്നിൽ ഞാൻ ഈ മാഗസിൻ സമർപ്പിക്കുന്നു.

സ്നേഹത്തോടെ..........

ശൈലജ .എൽ

# EDITORIAL BOARD

Chief Editor : Abhijith .J

Sub Editor : Aryananda .S

| | |
|---|---|
| Ambal Baiju .A | IX.A |
| Sooraj .S | IX.A |
| Sidharth .R | IX.C |
| Sivahari .R .B | IX.C |
| Swathy .S | IX.C |
| Lavanya .S Nair | IX.C |
| Abhirami .S | IX.A |
| Arjun .O .T | IX.A |
| Ashly Vinod | IX .B |

# എ.ഇ.പി.എം. എച്ച്.എസ്.എസ്. ഒരു ചരിത്രം



ജി.രാജശേഖരൻനായർ

(സ്റ്റാഫ് സെക്രട്ടറി)

കേരളത്തിന്റെ വിദ്യാഭ്യാസ സാംസ്കാരിക ഭൂപടത്തിൽ പ്രൗഢമായ സ്ഥാനം അലങ്കരിക്കുന്ന മഹത് വിദ്യാലയമാണ് ഇരുമ്പനങ്ങാട് എ ഈശ്വരപിള്ള മെമ്മോറിയൽ ഹയർസെക്കന്ററി സ്കൂൾ. നൂറ്റാണ്ട് പിന്നിടുന്നു. ബ്രിട്ടീഷ് ഭരണം. കേരളത്തിൽ വിരലിലെണ്ണാവുന്ന ഹൈസ്കൂളുകൾ മാത്രമാണ് ഉണ്ടായിരുന്നത്. ദീർഘദർശിയായിരുന്ന ശ്രീ.എ.ഈശ്വരപിള്ള തനിക്കുണ്ടായ ക്ലേശങ്ങൾ തന്റെ പിൻഗാമികൾക്കുണ്ടാകരുത് എന്ന ദൃഢനിശ്ചയത്തോടെ കേവലം 14 വയസ്സിൽ തിരുവനന്തപുരത്ത് എത്തി ഡി പി ഐ യ്ക്ക് ഇരുമ്പനങ്ങാട് സ്കൂൾ ആരംഭിക്കുന്നതിന് ഒരു അപേക്ഷ നൽകി. അധികം വൈകാതെ ഇരുമ്പനങ്ങാട് സ്കൂൾ അനുവദിച്ചു. 1928 ൽ ശ്രീ.എ.ഈശ്വരപിള്ള ഇരുമ്പനങ്ങാട് സ്കൂൾ കെട്ടിടത്തിന് തറക്കല്ലിട്ടു. 1937 ൽ സമ്പൂർണ്ണ ഹൈസ്കൂളായി. എച്ച്.എസ്.ഇരുമ്പനങ്ങാട് എന്ന പേരിൽ പ്രശസ്തമായി. ഹൈസ്കൂളിൽ പിന്നീട് റ്റി.റ്റി.സി. കോഴ്സ് അനുവദിച്ചു. ഇരുമ്പനങ്ങാട് മേഖലയിൽ ആദ്യമായി വൈദ്യുതി എത്തുന്നത് 1953 ൽ ഈ സ്കൂളിലാണ്. 1954 ൽ സ്കൂളിൽ റേഡിയോ സ്വന്തമായി. ഇരുമ്പനങ്ങാട് സ്കൂളിലെ പരിശീലനമാണ് തന്നെ ലോംഗ്ജംപ് താരമാക്കിയതെന്ന് ശ്രീ.റ്റി.സി.യോഹന്നാൻ പറഞ്ഞിട്ടുണ്ട്.

1978 ഒക്ടോബർ 23 ന് ഈ വിദ്യാലയത്തെ സ്നേഹിക്കുന്ന ഏതൊരാളെയും കണ്ണീരിലാഴ്ത്തിക്കൊണ്ട് സ്കൂൾ സ്ഥാപക മാനേജർ മഹാനായ ശ്രീ. എ . ഈശ്വരപിള്ള അന്തരിച്ചു. അദ്ദേഹത്തിന്റെ ചരമവാർഷിക ദിനമായ ഒക്ടോബർ 23 ശുചീകരണം,അന്നദാനം തുടങ്ങിയ പരിപാടികളോടെ സ്കൂളിൽ ആചരിക്കുന്നു. 1987 ൽ സ്കൂൾ സുവർണ്ണജൂബിലി ആഘോഷിച്ചു. അന്നത്തെ വിദ്യാഭ്യാസവകുപ്പുമന്ത്രി ശ്രീ. കെ.ചന്ദ്രശേഖരനായിരുന്നു സുവർണ്ണജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തത്.1998 ൽ സ്കൂളിൽ ഹയർസെക്കന്ററി കോഴ്സ് അനുവദിച്ചു. ഹയർസെക്കന്ററി സ്കൂളായി ഉയർന്നതോടെ ഹൈസ്കൂൾ ഇരുമ്പനങ്ങാട് സ്ഥാപക മാനേജരുടെ സ്മാരകമായി എ.ഈശ്വരപിള്ള മെമ്മോറിയൽ ഹയർസെക്കന്ററി സ്കൂൾ (A.E.P.M.H.S.S) എന്ന് നാമകരണം ചെയ്യപ്പെട്ടു. അതിവിപുലമായ ലാബ്,ലൈബ്രറി സൗകര്യങ്ങളോടെ ഹയർ സെക്കന്ററി വിഭാഗത്തിനായി പുതിയ ബഹുനില മന്ദിരം നിർമ്മിക്കപ്പെട്ടു.

2003 ജനുവരി 25 ന് സകൂൾ പ്ലാറ്റിനം ജൂബിലി ആഘോഷിച്ചു. പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം ജസ്റ്റിസ് ശ്രീ.വി.ആർ.കൃഷ്ണയ്യർ ആയിരുന്നു നിർവഹിച്ചത്. പ്രൗഢഗംഭീരമായ പൊതുസമ്മേളനത്തിൽ ഹയർ സെക്കന്ററിബ്ലോക്കിന്റെ ഉദ്ഘാടനം വിദ്യാഭ്യാസമന്ത്രി ശ്രീ.നാലകത്ത് സൂപ്പിയും,ഹൈസ്കൂൾ സുവർണ്ണജൂബിലി സ്മാരക ബ്ലോക്കിന്റെ ഉദ്ഘാടനം അന്നത്തെ സംസ്ഥാന പ്രതിപക്ഷ നേതാവ് ശ്രീ.വി.എസ്.അച്യുതാനന്ദൻ അവർ കളും,പൂർവവിദ്യാർത്ഥി സംഘടനയുടെ ഉദ്ഘാടനം മുൻ ഭക്ഷ്യ-സിവിൽസപ്ലൈസ് വകുപ്പ് മന്ത്രിയും,സ്കൂൾ മാനേജ്മെന്റ് ട്രസ്റ്റ് അംഗവുമായ ശ്രീ.ഇ.ചന്ദ്രശേഖരൻനായരും നിർവഹിച്ചു. ഏവരെയും കണ്ണീരിലാഴ്ത്തിക്കൊണ്ട് 2008 മാർച്ച് 29 ന് സ്കൂൾ മാനേജർ ശ്രീ.ഇ.രാജേന്ദ്രൻ ഈ ലോകത്തോട് വിട പറഞ്ഞു.ശ്രീ. ഇ.രാജേന്ദ്രൻ Ex. MLA യുടെ ഭരണകാലം സ്കൂളിന്റെ സുവർ ണ്ണകാലമായിരുന്നു. 2008 ഏപ്രിലിൽ മാനേജ്മെന്റ് ട്രസ്റ്റംഗം എം.നിർമ്മലാദേവി സ്കൂൾ മാനേജരായി ചുമതലയേറ്റു. 2013 ഫെബ്രുവരിയിൽ മാനേജ്മെന്റ് ട്രസ്റ്റ് വ്യവസ്ഥ പ്രകാരം ശ്രീ.ഇ.രാജേന്ദ്രൻ Ex.MLA യുടെ മകനും, യുവ-എഞ്ചിനീയറുമായ ശ്രീ.ആർ.ദീപക് സ്കൂൾ മാനേജരായി ചുമതലയേറ്റു. സ്കൂളിൽ 5 മുതൽ 10 വരെ ഇംഗ്ലീഷ് മീഡിയം ഡിവിഷൻ ആരംഭിച്ചു. 2014 ലെ ഉപജില്ലാ കലോത്സവം സ്കൂളിന്റെ ചരിത്രത്തിൽ ആദ്യമായി ഇവിടെ വച്ച് സംഘടിപ്പിക്കുവാൻ ബഹുമാനപ്പെട്ട മാനേജരുടെ നേതൃത്വത്തിൽ തീരുമാനിച്ചു.

2015 മാർച്ചിൽ മലയാളമനോരമ നല്ലപാഠം പദ്ധതിയിൽ കൊല്ലം റവന്യൂ ജില്ലാതലത്തിൽ സ്കൂൾ ഒന്നാം സ്ഥാനം നേടുകയും മികച്ച കോർഡിനേറ്റർ മാരായി അദ്ധ്യാപകരായ ശ്രീ.വി.മനേഷ്,ശ്രീ.രാജശേഖരൻനായർ എന്നിവരെ തിരഞ്ഞെടുക്കുകയുണ്ടായി. എറണാകുളം മനോരമ ചാനലിൽ നടന്ന ഗ്രാന്റ് ഫിനാലെയിൽ അന്നത്തെ ഹെഡ്മിസ്ട്രസ് ആയിരുന്ന ശ്രീ. ടി.ലളിതമ്മ അദ്ധ്യാപകരായ ശ്രീ.വി.മനേഷ്,ശ്രീ.രാജശേഖരൻനായർ വിദ്യാർത്ഥികൾ എന്നിവർ പങ്കെടുക്കുകയും അഞ്ചാം സ്ഥാനം ലഭിക്കുകയും ചെയ്തു. മലയാള മനോരമ നല്ലപാഠം കൊല്ലം ജില്ലാതലത്തിലെ ഒന്നാം സ്ഥാനക്കാർക്കുള്ള 25,000 രൂപ ക്യാഷ് അവാർഡും കോ- ഓർഡിനേറ്റർമാർക്കുള്ള 5000 രൂപ വീതമുള്ള അവാർ ഡും,മെമെന്റോയും കൊല്ലത്ത് നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ റിട്ട.ഡി ജി പി ശ്രീ.അലക്സാണ്ടർ ജേക്കബ്ബിൽ നിന്ന് ഏറ്റു വാങ്ങുകയുണ്ടായി. മാനേജ്മെന്റും,സ്റ്റാഫ് അംഗങ്ങളും,വിദ്യാർത്ഥികളും രക്ഷാകർത്താക്കളും നാട്ടുകാരും തമ്മിൽ നല്ല സൗഹൃദവും ആത്മബന്ധവും പരിപോഷിപ്പിക്കാൻ കഴിയുന്നു എന്നുള്ളതാണ് സ്കൂളിന്റെ ശക്തിചൈതന്യം.ഈ ഊർജ്ജം പകർന്നു നൽകുന്ന കരുത്താണ് സ്കൂളിനെ മുന്നോട്ട് നയിക്കുന്നത്. ഇക്കാര്യത്തിൽ സ്കൂൾ മാനേജർ ശ്രീ.ദീപക്. ആർ ബദ്ധശ്രദ്ധനാണ്.



# ബന്ധനം

റിട്ട. പ്രൊഫസർ പൊന്നറ   സരസ്വതി
(എസ്.എൻ.കോളേജ്,കൊല്ലം)

എന്തൊരു ഭീമാകാരം.............
എങ്കിലും പാവത്താൻ നീ
എങ്ങനെ കുരുങ്ങിയീ
ചങ്ങല പാദങ്ങളിൽ....?
അശുവാം ഒരു മർത്ത്യൻ
നൽകുമാജ്ഞകൾക്കെല്ലാം
ശിശുവിൻപടി
വനരാജൻ നീ വഴങ്ങുന്നു........
ഉടലിൻവലിപ്പത്തിൽ
ഏറ്റവും മികച്ചവൻ
ഉലകിലെന്നാലും നിൻ
ഗതിയീവിധമല്ലോ......
എന്തൊരത്ഭുതം!
കാട്ടിൽ സൈര്യമായ് വിഹരിക്കെ
എങ്ങനെയടിതെറ്റി
വീണുനീ ചതിക്കുണ്ടിൽ.....?
അന്നുതൊട്ടടിമയായ്-
മനുഷ്യൻ കുരുക്കിയ ചങ്ങലകളിൽ
നിത്യബന്ധനം വഹിക്കുന്നു
അവനെച്ചുമന്നൂരുചുറ്റുന്നു
മഹോത്സവ ബഹളങ്ങളിൽ
തിടമ്പേറ്റി നീങ്ങുന്നൂ മൂകം
അവന്നുവേണ്ടി
ഭാരം വലിച്ചുതളരുന്നൂ...........
പകരമവൻ നൽകും
പീഢനം സഹിക്കുന്നു.......
അറിയുന്നില്ല ഗജരാജൻ
നീ സ്വന്തം ശക്തി



# മെൽബണിൽ നിന്നൊരു കത്ത്

ഒളിമ്പ്യൻ ടി.സി.യോഹന്നാൻ

ഡിയർ ദീപക്,

രാജേന്ദ്രൻ സാർ എം.എൽ.എ യുടെ ഓർമ്മയ്ക്കായ് പ്രസിദ്ധീകരിക്കുന്ന പുസ്തകത്തിന്റെ ഭാഗമായിത്തീരാൻ കഴിഞ്ഞതിൽ വളരെ സന്തോഷമുണ്ട്. ഞാൻ പഠിച്ചതും എന്നെ ഞാനാക്കിയതും പഠിച്ച സ്കൂളിനു വേണ്ടി നല്ല പേരുണ്ടാക്കാൻ കഴിഞ്ഞതിലും നമ്മുടെ സ്കൂളിനൊപ്പം ഞാനും അഭിമാനിക്കുന്നു . എന്റെ സ്കൂൾ ജീവിതത്തെക്കുറിച്ച് ഓർക്കുമ്പോൾ ആദ്യം ഓർമ്മ വരുന്നത് അന്നത്തെ ഹെഡ്മാസ്റ്ററായരുന്ന കൃഷ്ണനുണ്ണി സാറിനെയാണ്. അതുപോലെ നമ്മുടെ മിനിസ്റ്ററായിരുന്ന ചന്ദ്രശേഖരൻ സാറിന്റെ ഭാര്യ മനോരമ സാർ,വർഗ്ഗീസ് സാർ,കോശിപ്പണിക്കർ സാർ,റാവു സാർ,മാധവൻപിള്ളസാർ, കടയ്കോട് വിശ്വംഭരൻ സാർ,ഭാസ്ക്കര പിള്ള സാർ,ദിവാകരൻ സാർ,മത്തായാക്കുട്ടി സാർ തുടങ്ങിയ അദ്ധ്യാപക ശ്രേഷ്ഠരെ ഒരിക്കലും മറക്കുവാൻ കഴിയില്ല.

വർഗ്ഗീസ് സാർ പഠിപ്പിച്ച കാര്യങ്ങൾ ഓർക്കുകയാണെങ്കിൽ ഇംഗ്ളീഷ് വാക്കുകൾ മലയാളത്തിൽ എഴുതി പഠിക്കണം. ഉദാഹരണത്തിന് പോളിനേഷൻ എന്നാൽ സ്റ്റേമനിലെ ആന്തറിലെ പോളൻ ഓവറിയിലെ സ്റ്റിഗ്മയിൽ പതിക്കുന്നതിന് പോളിനേഷൻ എന്നു പറയും. ഇങ്ങനെ പഠിച്ചാൽ കോളേജിൽ ചെല്ലുമ്പോൾ ഇംഗ്ളീഷ് പഠിക്കാൻ എളുപ്പമായിരിക്കും എന്നാണ് സാർ പഠിപ്പിച്ചത്.

റാവു സാറിന്റെ ഹിന്ദി ക്ലാസ് ഓർക്കുകയാണെങ്കിൽ തുളസീദാസ് കഹത്തേ ഹൈ കി,പേട് അപനാ ഫൽ കുച്ച് നഹിം ഖാത്ത ഹൈ, ലേതിൽ ഓ ദൂസരോം കോ ദേത്താ ഹൈ! അതായത് തുളസീദാസ് എന്ന കവി പറയുന്നത് ഫലവൃക്ഷങ്ങൾ അതിന്റെ ഫലം സ്വയം കഴിക്കുന്നില്ല. അത് മറ്റുള്ളവർക്ക് കൊടുക്കുകയാണ്. അതുപോലെ ഖബരി ബില്ലികാ കഹാനി.(സൂത്രശാലിയായ പൂച്ചയുടെ കഥ)

വിശ്വംഭരൻ സാറിന്റെ മലയാളം ക്ലാസ്

തൈ തെങ്ങിൻ പീലി ഓലകൾ
പുലർ കാറ്റിൽ പുളകം കൊള്ളുമ്പോൾ
സഞ്ചാരിണി ദീപശിഖേ വരാത്രൗ
യം യം വ്യതിയായ പതി വരാസേ
എന്ന സംസ്കൃത പദ്യം ഇതെല്ലാം ആർക്കെങ്കിലും മറക്കുവാൻ സാധിക്കുമോ?

70 വയസ്സാകുന്ന എനിക്ക് ഇപ്പോഴും ഇതൊക്കെ ഓർക്കുവാൻ സാധിക്കുന്നെങ്കിൽ തീർച്ചയായും നമ്മുടെ സ്കൂളിന്റെയും അന്നത്തെ അധ്യാപകരുടെയും കഴിവ് പ്രശംസനീയം തന്നെ. മത്തായി സാറും,കോശിപ്പണിക്കർ സാറുമാണ് എന്നെ സ്പോർട്സ് ചെയ്യാൻ പ്രേരിപ്പിച്ചത്. പിന്നെ എന്റെ അച്ഛന്റെയും, സഹോദരങ്ങളുടെയും പ്രോത്സാഹനവും കൂടിയായപ്പോൾ ഒരു നല്ല തുടക്കം കിട്ടി. ഈവനിംഗ് പ്രാക്ടീസ് കഴിഞ്ഞുവരുമ്പോൾ സ്കൂൾ വകയായി തന്നിരുന്ന താഴത്തെ വാസുപിള്ളയുടെ കടയിലെ ഏത്തപ്പഴവും ചായയും 1964-65 ലെ സ്കൂൾ ജീവിതത്തിലെ മധുരിക്കുന്ന ഓർമ്മകളാണ്.

സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞ് എന്റെ സഹോദരങ്ങൾ ജോലി ചെയ്തിരുന്ന ഫിലായ് സ്റ്റീൽ പ്ലാന്റിൽ(മദ്ധ്യപ്രദേശ്) പോകുകയും അവിടെ 3 വർഷം മെക്കാനിക്കൽ എഞ്ചിനിയറിംഗ് ഡിപ്ലോമ കോഴ്സ് പഠിച്ച് പാസ്സായ ശേഷം Tata Motors JSR ൽ ജോലിക്ക് പോവുകയും ചെയ്തു. പല അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുക്കാനും സാധിച്ചു. കേരളത്തിന്റെ ആദ്യ Asian Games Gold Medalist, Arjuna Award Winner എന്നീ ബഹുമതികൾ ലഭിച്ചു. 1974 ൽ ലോംഗ്ജംപിൽ സ്ഥാപിച്ച 8.07 മീറ്റർ ഏഷ്യൻ റെക്കോർഡ് 20 വർഷക്കാലവും ഇന്ത്യൻ റെക്കോർഡ് 30 വർഷക്കാലവും അജൈവമായി നിലനിന്നു. ഇതിന്റെയെല്ലാം തുടക്കം ഇരുമ്പനങ്ങാട് ഹൈസ്കൂൾ തന്നെയാണെന്ന് എനിക്ക് അഭിമാനത്തോടെ പറയുവാൻ സാധിക്കും.

1978 ൽ എൻ.ഐ.എസ്. പട്യാലയിൽ ഉണ്ടായ അപകടത്തെ തുടർന്ന് സ്പോർസിൽ നിന്ന് വിരമിച്ചു. 1983 ൽ TATA MOTORS Kochi യിൽ കേരള സെയിൽസ് ഇൻ ചാർജായി ജോലി ചെയ്തു. ഇപ്പോൾ ഒരു കൊച്ചിക്കാരനായി റിട്ടയേർഡ് ജീവിതം നയിക്കുന്നു.കൂടുതൽ പ്രോത്സാഹനങ്ങൾ വരും തലമുറയ്ക്ക് നൽകി ഒളിമ്പിക് ചാമ്പ്യൻമാരെ വാർത്തെടുക്കാൻ മിസ്റ്റർ ദീപക്കിനും സ്റ്റാഫിനും കഴിയട്ടെ എന്ന് ആശംസിക്കുന്നു. ഈ അവസരത്തിൽ അനശ്വരനായ രാജേന്ദ്രൻ സാറിനെ ഒരിക്കൽ കൂടി സ്മരിച്ചുകൊണ്ട് നിർത്തുന്നു.

എന്ന്,

സ്നേഹപൂർവ്വം,

ഒളിമ്പ്യൻ

ടി.സി.യോഹന്നാൻ

# ഹേമന്ത രാത്രികൾ


ഇനിയെന്നു വരും ആ
മഞ്ഞുരുകുന്ന ഹേമന്തരാത്രികൾ
മഞ്ഞുകണങ്ങളാൽ മൂടിക്കിടക്കും
മഞ്ഞുമലകൾ കാണ്മതുണ്ടോ?
പിഞ്ചുപൈതലും മൂടിപ്പുതച്ചു-
റങ്ങും ഈ തണുത്ത മഞ്ഞുകാലം
ഉണങ്ങിപ്പോയ ചില്ലകളിൽ
ഇരുന്ന് രാക്കുയിൽ ഇനി പാടുമോ?
തേങ്ങിക്കരഞ്ഞു തേടുന്നു ആ
കിളികൾ തനിക്കായ് തീറ്റകൾ
മഞ്ഞുമൂടും ക്രിസ്തുമസ് രാവിൽ
ക്രിസ്തുമസ് പപ്പായെത്തുന്നു
വലിയ വണ്ടിയിൽ സമ്മാനങ്ങൾ
നിറച്ചോടുന്ന ചെറുകലമാനുകൾ
പിഞ്ചുപൈതലും സന്തോഷത്താൽ
ആനന്ദിക്കുന്നൂ രാത്രികളിൽ
ഇനിയെങ്കിലും കുളിരുകോരി
വന്നിരുന്നെങ്കിൽ മഞ്ഞുകാലം



അലീന വിനോദ്
9-B

# ആത്മാവിന്റെ നൊമ്പരം

അഗ്നിയായുരുകുമെൻ ജീവിതജ്വാലയിൽ
അസ്തിത്വമില്ലാതെ മാനസമിടറവെ,
വെൺവെളിച്ചത്തിന്റെ പൊൻശോഭതേങ്ങിടും
വിണ്ണിൻ നിശാഗന്ധി നീലിമ മായ്ക്കുന്നു.
കണ്ണീർക്കടൽ കാറ്റിലോളം തിമിർക്കുന്നു.
കദനം മയങ്ങുന്നൊരിക്കാൽകളിടറുന്നു.
ഇനിയില്ല ഞാനെന്നമർത്യനീധരിത്രിയിൽ
ഇരുളും നിലാവും നിറംമാഞ്ഞ സ്വപ്നവും
ഇടറുന്ന നെഞ്ചകവുമതിലോല രാത്രിയും
ഇതളും കൊഴിഞ്ഞൊരാ നിർഗന്ധപുഷ്പമായി
ഇനിയും സഹിക്കവയ്യീപ്രാണവേദനയ-
തിതിലും നിരർത്ഥകമെന്നന്ത്യശ്വാസവും
ദാഹമില്ലൊട്ടുമേ മോഹമിണ്ടുള്ളിലെൻ
ഉണ്ണിയുടെ വരവിൻ പ്രതീക്ഷയും സ്നേഹവും
അവനൊന്നു വന്നുകിൽ പൊന്നുമ്മ
തന്നുകിൽ അതിലും വലുതില്ലപുണ്യമീധരണിയിൽ
മാറിടംകീറുമീ വേദനതീണ്ടവേ
മാനസം കേഴുന്നുമരണത്തിനായിതാ
മരണമേനിന്നെയും കാത്തുകിടപ്പു ഞാൻ
ചുടുകണ്ണുനീരുമായിക്കാലമത്രയും



സ്വാതി.ആർ
൯.C

# മഴ



സജി ജോർജ്ജ്
HSST
സോഷ്യോളജി

മഴയുടെ സംഗീതം മനസ്സിന് സാന്ത്വനം
അഴലുന്ന ആത്മാവിന് ആനന്ദ നിർവൃതി
മഴയിൽ കുളിരുന്നു പുഴയും മരങ്ങളും

പൂത്തുലയുന്ന തരളിത ചന്ദ്രനും

ആനന്ദലബ്ധിയിൽ ആറാടി മാനവും മേഘവും
വീണ്ടും ജനിക്കുന്ന താളവും മേളവും
ഒടുവിൽ അസ്തമിക്കുന്ന സായാഹ്നസൂര്യനും
മന്ദസ്മിതമായി തൂകുന്നു പുഞ്ചിരി
കാറ്റിലൊഴുകുന്നു കാനനഭംഗി
കാവ്യമായി മാറുന്നു വിശ്വപ്രകൃതിയും
കാതിലോല ഗാനങ്ങൾ ന്ൻ ചോദന
മഴവില്ലായ് തിളങ്ങുന്നു വെയിലും വെളിച്ചവും
പുതുക്കുന്നു മനുഷ്യനെ ഭൂമിയെ
പുത്തനുണർവ്വ് മനസിനും മലരിനും
മാറ്റങ്ങൾ പ്രകൃതിക്കും സൃഷ്ടിക്കും
മാറുന്നു കാലവും  കല് പനയും
മഴയിൽ മയങ്ങുന്ന ആത്മാവും ആനന്ദവും
ലയിക്കുന്നു നിന്നിൽ ചിരിയും ചിന്തയും
കാറ്റായി മഴയായി വീശുന്ന സുന്ദരീ
അകറ്റുക നിൻ പ്രതിഷേധ പേമാരി

# മൊഴിമുത്തുകൾ

1. അണക്കെട്ടുകൾ ഇന്ത്യയുടെ വികസനത്തിന്റെ മഹാക്ഷേത്രങ്ങളാണ്

- ജവഹർലാൽനെഹ്റു

2.മഹത്തായ പുസ്തകങ്ങൾ ഭാവനയ്ക്ക് തീ കൊളുത്തുന്നു.
ഭാവന സർഗ്ഗാത്മകതയിലേക്ക് നയിക്കുന്നു.
സർഗ്ഗാത്മകത ചിന്തയെ വിരിയിക്കുന്നു.

- ഡോ. എ.പി.ജെ.അബ്ദുൾകലാം

3.ഒരാളെ തോൽപ്പിക്കാൻ എളുപ്പമാണ്.
എന്നാൽ അയാളുടെ ഹൃദയം കവരാനാണ് വിഷമം

-ഡോ. എ.പി.ജെ.അബ്ദുൾകലാം

4.സ്വാതന്ത്ര്യം എന്റെ ജന്മാവകാശമാണ്

-ബാലഗംഗാധര തിലകൻ

5.ജനാധിപത്യ ഭരണം ജനങ്ങളുടെ ആഗ്രഹങ്ങൾക്ക്
അനുസൃതമായിരിക്കണം

-മഹാത്മാഗാന്ധി

6.ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ നടത്തുന്ന ജനങ്ങളുടെ
ഭരണമാണ് ജനാധിപത്യം

-എബ്രഹാം ലിങ്കൺ

7.ആഗോള ആദരവ് പിടിച്ചുപറ്റുന്ന ഏക
ഭരണസംവിധാനംജനാധിപത്യമാണ്

-അമർത്യാസെൻ



ആര്യ.എസ്
+2 സയൻസ്

# ശ്രീനാരായണഗുരു

കേരളത്തിൽ സാമൂഹിക അനാചാരങ്ങൾ നിലനിന്ന സമയത്താണ് ശ്രീനാരായണ ജനിച്ചത്. അദ്ദേഹം സാമൂഹിക തിന്മകൾക്കെതിരെ പോരാടി. ജാതിയുടെയും മതത്തിന്റെയും പേരിൽ പരസ്പരം കലഹിച്ചിരുന്ന ജനങ്ങൾക്ക് അദ്ദേഹം ഒരു ജാതി, ഒരു മതം, ഒരു ദൈവം എന്ന മഹാത്തായ സന്ദേശം നൽകി. എല്ലാ മനുഷ്യരെയും ഒന്നുപോലെ കാണാനും ആദരിക്കാനും അദ്ദേഹം നമ്മെ പഠിപ്പിച്ചു. കേരളം കണ്ട എല്ലാക്കാലത്തെയും വലിയ സാമൂഹികപരിഷ്ക്കർത്താക്കളിൽ ഒരാളായിരുന്നു ശ്രീനാരായണഗുരു. അദ്ദേഹത്തിന്റെ ഓരോ വചനങ്ങൾക്കും എല്ലാക്കാലത്തും പ്രസക്തിയുണ്ട്.

കിരൺരാജ്
അഞ്ച് ബി

# ഗുരുനാഥൻ

എന്നും  എൻകൂടെ ഗുരുനാഥനുണ്ട്
അറിവിൻെറ  ജീവിതവീഥിയിൽ
എന്നൂമൊരൂ നിലാവെട്ടമായ്
എന്നൊപ്പമൂണ്ടെന്നൻ ഗൂരൂനാഥൻ
നല്ലവാക്കൂകൾ ചൊന്നൻ ജീവിതവഴികളെ
കാക്കും ദൈവമാണെൻ ഗുരുനാഥൻ



പൗർണ്ണമി സന്തോഷ്
9.C

# ക്വിസ്

*1.* ഇന്ത്യയിലെ ആദ്യത്തെ കമ്പ്യൂട്ടർ സാക്ഷരതാ പഞ്ചായത്ത് ?

ഉ:ചമ്രവട്ടം

*2.* അഞ്ചാമത്തെ വേദം എന്നറിയപ്പെടുന്നത് ?

ഉ: മഹാഭാരതം

*3.* ആദ്യ ജ്ഞാനപീഠം ഭാരതഭാഷയിൽ എന്തിനാണ് ലഭിച്ചത് ?

ഉ: മലയാളം

*4.* വെള്ളത്തിൽ ഇട്ടാൽ തീപിടിക്കുന്ന വസ്തു ?

ഉ: സോഡിയം

*5.* ഇന്ത്യയിലെ ചാർളിചാപ്ലിൻ?

ഉ: രാജ് കപൂർ

*6.* ഹോക്കീമാന്ത്രികൻ  എന്നറിയപ്പെടുന്ന കായികതാരം?

ഉ: ധ്യാൻചന്ദ്

*7.* നീലക്കുയിൽ എന്ന സിനിമയുടെ കർത്താവ്?

ഉ: ഉറൂബ്

*8.* താജ്മഹാലിൻെറ പഴയ പേരെന്ത്?

ഉ: മുംതാസ് മഹൽ

*9.* സ്വയം പരാഗണം സാധ്യമല്ലാത്ത സുഗന്ധവ്യഞ്ജനം ഏത്?

ഉ: വാനില

*10.* കോമൺവെൽത്ത് ദിനം എന്ന്?

ഉ: മെയ് *24*

*11.* ഇന്ത്യയുടെ ആദ്യത്തെ വനിത രാഷ്ട്രപതി ആര്?

ഉ: പ്രതിഭാ പാട്ടിൽ

*12.* തമിഴ് ബൈബിൾ എന്നറിയപ്പെടുന്ന കൃതിയേത്?

ഉ: തിരുക്കുറൾ



നന്ദന.ജെ

*9.*A

# പ്രമേഹ ദിനം

## നവംബർ -14 ലോക പ്രമേഹ ദിനം

ജീവിതം മധുരമാക്കാൻ ശൈലിയിൽ മാറ്റം വരുത്താം. ജീവിതത്തിൽ മാധുര്യം അനിവാര്യമാണെന്ന് അഭിപ്രായപ്പെടുന്നവരാണ് നാമെല്ലാവരും. എന്നാൽ ഈ മധുരം നമ്മുടെ ജീവിതത്തിനു പകരം ശരീരത്തിൽ വളരാൻ തുടങ്ങുകയാണെങ്കിൽ അത് നമ്മുടെ ജീവിതത്തിനുതന്നെ ഭീഷണിയായി മാറുന്നു. ഇത്തരമൊരു ഭീഷണിയാണ് 'പ്രമേഹം'. രക്തത്തിൽ പഞ്ചസാരയുടെ അളവു കൂടുന്ന അവസ്ഥയാണ് പ്രമേഹം. ഇൻസുലിൻ എന്ന ഹോർമോണാണ് പഞ്ചസാരയുടെ അളവു കുറക്കുന്നത്. ഇൻസുലിൻ കണ്ടുപിടിച്ച Dr.ഫ്രെഡെറിക് ബാറ്റിങ്ങിൻെറ ജന്മ ദിവസമാണ് ലോക പ്രമേഹ ദിനമായി ആചരിക്കുന്നത്

ലോകാരോഗ്യ സംഘടനയുടെ കണക്ക് പ്രകാരം ഏറ്റവും കൂടുതൽ പ്രമേഹ രോഗികൾ ഉള്ള മൂന്നാമത്തെ രാജ്യമാണ് ഇന്ത്യ. ഇതിൽ ഏറ്റവും കൂടുതൽ സ്ത്രീകളാണ് എന്നതാണ് വാസ്തവം. സ്ത്രീകളെ സംബന്ധിച്ചടുത്തോളം ഗർഭകാലത്തെ പ്രമേഹമാണ് ഏറ്റവും വലിയ ഭീഷണി. അതുമൂലം കുഞ്ഞുങ്ങൾക്കും പ്രമേഹം വരാനുള്ള സാധ്യതയും കുറവല്ല.
ഈ വർഷത്തെ മുഖ്യ പ്രമേയം "സ്ത്രീകളും പ്രമേഹവും "എന്നതാണ്
ഇതൊരു ജീവിത ശൈലീ രോഗമാണ്. കൊഴുപ്പു കൂടിയ ഭക്ഷണം , ശീതള പാനീയങ്ങൾ, ഫാസ്റ്റ് ഫുഡ്, മധുര- പലഹാരങ്ങൾ ഇവയും വ്യായാമ കുറവ്, ശാരീരികാരോഗ്യ കുറവ്, മാനസിക പിരിമുറക്കം എന്നിവ പ്രമേഹത്തിന് കാരണമാകുന്നു. ഇന്ത്യയിൽ ഏഴു കോടി ജനങ്ങൾക്ക് ഈ രോഗമുണ്ടെന്നാണ് കണക്ക്



അഭിജിത്.ജെ
9 A

# വിദ്യാലയം

എൻ ജീവിതത്തിൽ അറി-
വിൻെറ ലോകമായ് മാറിയതെൻ
വിദ്യാലയം
അറിവിൻെറ വെളിച്ചമെന്നിൽ
പകർന്നുതന്ന സരസ്വതി ക്ഷേത്ര-
മാണെൻ വിദ്യാലയം
ജാതിമതഭേദമന്യേ എല്ലാവരും
ഒന്നിച്ചുചേരുന്ന കലാലയം
എൻ കലാലയമെന്നോടു മന്ത്രിച്ചു
അറിവിൻെറ ആദ്യാക്ഷരങ്ങൾ
പൂക്കളാൽ ശോഭിക്കുന്ന  ഉദ്യാനമാ-
ണെൻെറ വിദ്യാലയം
ഇത്രയും പുണ്യമാം വിദ്യാലോക
ത്തിനുമുന്നിൽ ഞാൻ വണങ്ങുന്നു.



ആമ്പൽ ബൈജു
9.A

# പെറ്റമ്മ

അറിവിൻെറ ആദ്യാക്ഷരങ്ങൾ പഠി-
പ്പിച്ച കനവിൻെറ ദൈവമാണമ്മ,
സ്നേഹാധി സ്നേഹവും ദുഃഖവുമെല്ലാം
പഠിപ്പിച്ചുതന്നതെന്നമ്മ
എൻെറ നെഞ്ചിലെ താഴ് മുകിൾ പെട്ടിയിൽ
കാത്തുസൂക്ഷിച്ചു, ഞാനമ്മയെ
വിരഹവും നോവും നിറഞ്ഞ കാലങ്ങളിൽ
അമ്മയെൻ എന്നുടെകൂട്ട്,
ആദ്യം ഉരുവിട്ടതോ അമ്മയെന്നക്ഷരം
ആദ്യം മനസ്സിൽ നിറഞ്ഞതോ
അമ്മ തൻ വാക്കുകൾ,
സ്നേഹത്തിൻ ചോലയിൽ
തെന്നലായി ഒഴുകി നടക്കുമെന്നമ്മ
ഇനിയുമെൻ ജീവിത പാതയിൽ
അമ്മയാമ്മെൻ കൂട്ട്......
ആ അമ്മയാമ്മെൻ കൂട്ട്....



അദ്വൈത്.എ.യു
9.A

# ക്വിസ്

1. കേരളത്തിൽ റെയിൽ പാതയില്ലാത്ത ജില്ലകൾ?

-ഇടുക്കി,വയനാട്.

2. പുനലൂർ തൂക്കുപാലത്തിൻെറശിൽപി?

-ആൽബെട്ട് ഹെൻട്രി

3. കേരളത്തിലെ ഏറ്റവും വലിയ കായൽ?

-വേമ്പനാട്ട് കായൽ

4. പാല് ഇല്ലാത്ത ഉഭയ ജീവി?

-തവള

5. കേരളത്തിലെ പുണ്യ നദി?

-പമ്പ

6. കേരള കർഷക ദിനം?

-ചിങ്ങം 1

7. അറബിക്കടലിൻെറ റാണി?

-കൊച്ചി

8. ഭൂമിയുടെ എത്ര ശതമാനമാണ് കര ഭാഗം?

-20%

9. ക്രഷകൻെറമിത്രം എന്നറിയപ്പെടുന്ന പക്ഷി?

-മൂങ്ങ

10. മനുഷ്യ ശരീരത്തിൽ എത്ര എല്ലുകളുണ്ട്?

-206

11. ആലുവ ഏതു നദീതീരത്താണ്?

-പെരിയാർ

12. 'കുട്ടനാടിൻെറ'സാഹിത്യകാരൻ എന്നറിയപ്പെടുന്നതാര്?

-തകഴി

13. കേരളത്തിലെ ഏറ്റവും വലിയ ജില്ല? -പാലക്കാട്

14. ഉറുമ്പിന് എത്ര കാലുകളുണ്ട്? -6

15. ശ്രീലങ്കയുടെ പഴയ പേരെന്ത്?

-സിലോൺ

16. ശക്തിയുടെ കവി എന്നറിയപ്പെടുന്നത്?

-ഇടശ്ശേരി ഗോവിന്ദൻ നായർ

17. കരിമ്പിൻെറ ജന്മദേശം? -ഇന്ത്യ

18. ഏറ്റവും വലിയ പക്ഷി?

-ഒട്ടകപക്ഷി

19. ഏറ്റവും വേഗതയുള്ള മൃഗം? -ചീറ്റ

20. കൂടുണ്ടാക്കുന്ന ഏക പാമ്പ്?



ലാവണ്യ.എസ്.നായർ
9.C

-രാജവെമ്പാല



# അസാപ്

MONACHAN . K
ASAP CO-ORDINATOR

ഹയർസെക്കന്ററി പഠനത്തോടൊപ്പം അധിക പ്രാവീണ്യശേഷി കൈവരിക്കൽ പദ്ധതി, സ്കൂൾതലത്തിലും കോളേജ് തലത്തിലും നമ്മുടെ സംസ്ഥാനത്ത് ആരംഭിക്കപ്പെട്ടത് *2011*-നോടു കൂടിയാണ്. നമ്മുടെ സ്കൂളിൽ അസാപ് പദ്ധതി ആരംഭിച്ചത് *2014* ഡിസംബർ *31* നാണ്. സർവ്വകലാശാലാബിരുദവും,ബിരുദാനന്തര ബിരുദവും നേടിയെടുത്തതിന് ശേഷം നമ്മുടെ യുവാക്കൾ തൊഴിൽരഹിതരായി അലയുന്നതിന് അറുതിവരുത്തുവാനും ഓരോരുത്തർക്കും അവരുടേതായ അഭികാമ്യമേഖലകൾ സ്വായത്തമാക്കാനും അവരെ പ്രാപ്തരാക്കുന്നു.

എല്ലാ പ്രവർത്തി ദിനങ്ങളിലും ഒരു മണിക്കൂർ മുതൽ രണ്ട് മണിക്കൂർ വരെ കമ്പ്യൂട്ടർവത്കൃതപ്രൊജക്ടർ സംവിധാനത്തോടുകൂടിയ ക്ലാസ്മുറിയിൽ അസാപിന്റെ പ്രത്യേക പരിശീലനം ലഭിച്ച ട്രെയിനർ സ്കൂളിൽ വന്ന് ക്ലാസ് എടുക്കുകയും ചെയ്യുന്നു. ബ്രിട്ടീഷ് കൗൺസിൽ ഓഫ് ഇന്ത്യയാണ് സർട്ടിഫിക്കറ്റ് നൽകുന്നത്.



# പുസ്തകങ്ങൾ കൂട്ടുകാർ..........

വി.വിക്രമൻനായർ
HSA

പുസ്തകങ്ങൾ അറിവിന്റെ ഉറവിടമാണ്. പുസ്തകങ്ങൾ സംസാരിക്കും. കഴിഞ്ഞ കാലത്തെക്കുറിച്ച് ലോകത്തേയും അതിലെ മനുഷ്യരെക്കുറിച്ച്, പുസ്തകങ്ങളിൽ സംഗീതമുണ്ട്.ശാസ്ത്രത്തിന്റെ വെളിച്ചമുണ്ട്. അറിവിന്റെ അക്ഷയഖനികളുണ്ട്. നമ്മെ വെളിച്ചത്തിലേക്ക് നയിക്കുന്ന ഉത്തമ ഗ്രന്ഥങ്ങളുമായി കൂട്ടുകൂടാൻ വായനയിലൂടെ കഴിയുന്നു. പരന്ന വായനവിശാലമായ അനുഭവങ്ങളുടെ തുറന്ന ആകാശത്തേയ്ക്ക് നമ്മെ നയിക്കുന്നു. ഏറെ വായിക്കുകയും അതിലേറെ ചിന്തിക്കുകയും ചെയ്യുന്നവരാണ് നല്ല വായനക്കാർ.വായന തരുന്ന വലിയ ആശയലോകത്തെ മനസ്സിൽ കാണാൻ കഴിയണം. .പ്രപഞ്ചത്തോളം വളരാൻ നമ്മെ അത് സഹായിക്കുന്നു.

മാറിക്കൊണ്ടിരിക്കുന്ന ലോകത്തോടൊപ്പം അതിവേഗം സഞ്ചരിക്കാൻ വായനയിലൂടെ നമുക്ക് കഴിയുന്നു. ഏകാന്തതയുടെ മടുപ്പകറ്റാനും ദു:ഖവേളകളിൽ മനസ്സിനെ ആശ്വസിപ്പിക്കാനും പുസ്തകം നമ്മെ സഹായിക്കുന്നു.

പുസ്തകങ്ങൾ തിരഞ്ഞെടുക്കുമ്പോഴും കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. മനസ്സിനെ രസിപ്പിക്കുന്നു. എന്നത് മാത്രമാകരുത്.മനസ്സിനെ ഉത്തേജിപ്പിക്കുന്ന വല്ലതും അതിലുണ്ടാകണം.മൂന്ന് തരത്തിൽ വായന നമ്മെ സ്വാധീനിക്കാം, ഒന്നാമത് അത് ഏകാഗ്രത വർദ്ധിപ്പിക്കും. പിന്നീടുള്ള തുടർപഠനങ്ങൾക്കും നേട്ടങ്ങൾക്കും ഇത് തുണയാകും. രണ്ടാമത് നമ്മുടെ ചെറിയ ജീവിതത്തിനുള്ളിൽ അനേകം ജീവിതങ്ങൾ ജീവിക്കാനുള്ള മഹാഭാഗ്യം വായന ഒരുക്കും. മരുഭൂമി ഉള്ളടക്കമായി വരുന്ന ഒരു പുസ്തകം വായിക്കുമ്പോൾ വായനക്കാരൻ അവിടെ ജീവിക്കുകയാണ്. അവിടുത്തെ ജീവിതം സംസ്ക്കാരം,കാലം,ഭക്ഷണം, എന്നിവയെല്ലാം പരിചയപ്പെടുന്നു. മൂന്നാമത് വായനയാണ് നമ്മളെ സ്വപ്നം കാണാൻ പഠിപ്പിക്കുന്നത് എന്നതാണ്. മനുഷ്യനെ ഭാവനാസമ്പന്നനാക്കുക എന്ന പ്രധാനദൗത്യം വായന നിർവ്വഹിക്കുന്നു.ഭാവനാസമ്പന്നമായ മനസ്സിന് പുതിയ അറിവിന്റെയും കണ്ടുപിടുത്തങ്ങളുടെയും പാതയിൽ ഏറെ സഞ്ചരിക്കാൻ കഴിയും.മാത്രമല്ല അത് ഭാവിയിലേയ്ക്കുള്ള വളർച്ചയുടെ സുഗമമായ പാതയാണ്.ആയതിനാൽ പുസ്തകങ്ങൾ കണ്ടും കുറച്ച് വായിച്ചും കൂടുതൽ വായിച്ചും ആഴത്തിൽ വായിച്ചും ആസ്വദിച്ച് ചിരിച്ചും ചിന്തിപ്പിച്ചും തർക്കിച്ചും പുസ്തകങ്ങളുമായി കൂട്ടുകൂടാനാകട്ടെ......... പുസ്തകക്കൂട്ട് നിങ്ങളെ ഓരോരുത്തരേയും വലിയവരാക്കും തീർച്ച.......

# ഓർമ്മക്കുറിപ്പ്



ലളിതമ്മ
(റിട്ട.ഹെഡ്മിസ്ട്രസ്)

മഹാനായ ശ്രീ.എ.ഈശ്വരപിള്ള എക്സ് എം.എൽ.എ അവർകൾ സ്ഥാപിച്ച ഇരുമ്പനങ്ങാട് എ.ഇ.പി.എം.എച്ച്.എസ്.എസി ലെ എന്റെ അദ്ധ്യാപക സേവനം ഒരു ഓർമ്മയിൽ. ദീർഘകാലം ഈ സ്കൂളിന്റെ മാനേജർ ആയിരുന്ന ഇ. രാജേന്ദ്രൻ എക്സ് എം.എൽ.എ അവർകളുടെ പാവന സ്മരണയ്ക്കുമുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു. 1985 ൽ യു.പി.എസ്.എ ആയിട്ടാണ് ഈ സ്കൂളിലെ എന്റെ അദ്ധ്യാപക ജീവിതം ആരംഭിക്കുന്നത്. ശ്രീ.ഇ.രാജേന്ദ്രൻ അവർകൾ ആയിരുന്നു അന്നത്തെ സ്കൂൾ മാനേജർ. 2015 ഏപ്രിൽ 30 ന് ഔദ്യോഗിക ജീവിതത്തിൽ നിന്നും വിരമിക്കുമ്പോൾ 30 വർഷത്തെ അദ്ധ്യാപകജീവിതത്തിലെ ഒരിക്കലും മറക്കാനാവാത്ത അനുഭവം തന്നെയായിരുന്നു.

അദ്ധ്യാപക ജീവിതം ആരംഭിച്ചപ്പോൾ മുതൽ മുതിർന്ന അദ്ധ്യാപകരുടെ ഉപദേശങ്ങളും നിർദ്ദേശങ്ങളും അതേപടി അനുസരിച്ച് പ്രവർത്തിച്ചിരുന്നതിനാൽ ഇക്കാലമത്രയും വലിയ പ്രശ്നങ്ങൾ ഒന്നും തന്നെ ഉണ്ടായിട്ടില്ല എന്നു പറയാം. 2 വർഷം യു പി എസ് എ ആയും 19 വർഷം എച്ച് എസ് എ ആയും 9 വർഷം ഹെഡ്മിസ്ട്രസായും സേവനം അനുഷ്ഠിച്ചു.2006 ജൂലൈ 1 ന് പ്രഥമാദ്ധ്യാപികയായി സേവനം ആരംഭിച്ചപ്പോൾ നിരവധി പ്രതിസന്ധികൾ നേരിടേണ്ടി വന്നിട്ടുണ്ട്. അറിഞ്ഞുകൊണ്ടു തന്നെ ഒരു മുൾക്കിരീടം എടുത്ത് ചൂടാനും അത് പുഷ്പകിരീടം പോലെ കൊണ്ടുപോകാനും കഴിഞ്ഞു എന്നുള്ളത് ഒരു ചാരിതാർത്ഥ്യത്തോടെ ഓർക്കുകയാണ്. ഇതിന് എല്ലാ വിധ പിന്തുണയും തന്ന മാനേജർ ശ്രീ.ഇ.രാജേന്ദ്രൻ സാറിനോടും സ്കൂളിലെ സ്റ്റാഫ് അംഗങ്ങളോടും നന്ദിയും കടപ്പാടും ഉണ്ട്.

നമ്മുടെ സ്കൂളിന്റെ ചരിത്രത്തിൽ സുവർണ്ണലിപികളിൽ എഴുതിച്ചേർക്കാവുന്ന ഒന്നായിരുന്നു 2014-15 ൽ കൊട്ടാരക്കര സബ്ജില്ലാകലോത്സവത്തിന് നമ്മുടെ സ്കൂൾ വേദിയായത്. ഈ കലോത്സവത്തിൽ 4-ാം സ്ഥാനം കൈവരിക്കുവാനും സംസ്കൃതോത്സവത്തിൽ 2ാം സ്ഥാനം നേടുന്നതിനും ഹയർ സെക്കന്ററി തലത്തിൽ 3-ാം സ്ഥാനം നേടുന്നതിനും സാധിച്ചു. പാഠ്യപ്രവർത്തനങ്ങൾ മാത്രമല്ല പാഠ്യേതര പ്രവർത്തനങ്ങൾക്ക് കൂടി പ്രാധാന്യം കൊടുത്ത് കുട്ടികളെ പ്രോത്സാഹിപ്പിച്ച് അതിലൂടെ നമ്മുടെ സ്കൂളിന്റെ പേര് പുറംലോകത്തേക്കുകൂടി അറിയിക്കത്തക്കരീതിയിൽ ഉള്ള ഒരു പഠനക്രമം ആണ് വേണ്ടത്. ഇത്തരത്തിലുള്ള എല്ലാ വിജയങ്ങൾക്കും വേണ്ടി സഹകരിച്ച ബഹു. മാനേജ്മെന്റിനോടും സ്റ്റാഫ് അംഗങ്ങളോടും പി.ടി.എ.യോടും രക്ഷിതാക്കളോടും നാട്ടുകാരോടും നന്ദിയും കടപ്പാടും ഈ അവസരത്തിൽ രേഖപ്പെടുത്തുന്നു.


Laju Krishnan
Counsellor JRC

# അന്താരാഷ് ട്ര റെഡ്ക്രോസ് സംഘടനയും ജൂനിയർ റെഡ്ക്രോസും

1828 മേയ് മാസം8-ാം തീയതി സ്വിറ്റ്സർലന്റിലെ ജനീവ നഗരത്തിൽ ജീൻ ജാക്വസിന്റെയും അന്റോണിക്കാ കൊളാഡിന്റെയും പുത്രനായി ജനിച്ച ജീൻ ഹെൻറി ഡുനാന്റെ രൂപം കൊടുത്ത അന്താരാഷ്ട്രജീവകാരുണ്യ സംഘടനയാണ് റെഡ്ക്രോസ് സൊസൈറ്റി. പ്രശസ്തമായ ഒരു ബാങ്കിംഗ് സ്ഥാപനത്തിന്റെ ഉടമയായിരുന്ന പിതാവ് അനേകം സേവനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടിരുന്നു. മാതാവും ജീവകാരുണ്യപ്രവർത്തനങ്ങളിൽ ഒട്ടും പിന്നിലായിരുന്നില്ല..

പക്ഷേ യൂറോപ്പിൽ ആ കാലഘട്ടത്തിൽ ഡോൾഫറിൻ യുദ്ധം പൊട്ടിപ്പുറപ്പെട്ടു. 1859 ജൂൺമാസം ലോകം കണ്ടതിൽ ഏറ്റവും വലിയ മനുഷ്യക്കുരുതിക്ക് ഡുനന്റെ സാക്ഷ്യം വഹിക്കേണ്ടതായി വന്നു. ഏകദേശം 3 ലക്ഷം പടയാളികൾ യുദ്ധത്തിൽ പങ്കെടുത്തു. യുദ്ധം അവസാനിച്ചു. വിജയിശ്രീലാളിതനായി ഫ്രഞ്ച്-ഇറ്റാലിയൻ സൈന്യം സ്ഥലം വിട്ടു. ആസ്ട്രിയ യുദ്ധത്തിൽ നിന്നും പിന്മാറി. ഇരുകൂട്ടരും ഉപേക്ഷിച്ചുപോയ നിസ്സഹായരെ രക്ഷിക്കാൻ ആരും ഉണ്ടായിരുന്നില്ല. ഈ കാഴ്ച കണ്ട് നിൽക്കാൻ ഡുനന്റ് എന്ന മനുഷ്യസ്നേഹിക്ക് കഴിഞ്ഞില്ല. അദ്ദേഹം ഒരു സംഘം യുവതീ-യുവാക്കളെ സംഘടിപ്പിച്ച് യുദ്ധക്കളത്തിലേക്ക് പോയി. ഡോൾഫറിൻ യുദ്ധക്കളത്തിൽ കണ്ടതും കേട്ടതും എഴുതിവച്ചു. ഡോൾഫറിൻ സ്മരണകൾ എന്ന ആ ഗ്രന്ഥം  യൂറോപ്പിലെ നേതാക്കളെ കാണിക്കുകയും യുദ്ധമില്ലാതാക്കുവാൻ, യുദ്ധമുണ്ടായാൽ നിരപരാധികൾ രക്ഷപ്പെടണം. അവരെ ശത്രുമിത്ര ഭേദമെന്യേ ശുശ്രൂഷിക്കാനുള്ള ഒരു സംവിധാനം ഉണ്ടാക്കണം എന്ന ഡുനാന്റെ ആഗ്രഹത്തോട് എല്ലാവരും യോജിച്ചു. ഇതിനായി 1868 ഒക്ടോബർ 28 ന് 14 രാഷ്ട്രങ്ങളുടെ പ്രതിനിധികൾ സംബന്ധിച്ച് സൊസൈറ്റി ഫോർ പ്രൊട്ടക്ഷൻ ഓഫ് വൂണ്ടഡ് കോമ്പറ്റൻസി എന്ന സംഘടനയ്ക്ക് രൂപം നൽകി. വിശദമായ ചർ ച്ചയ്ക്ക് ശേഷം വീണ്ടും 17 രാഷ്ട്രങ്ങളുടെ പ്രതിനിധികൾ 1864 ആഗസ്റ്റ് 8 ജനീവയിൽ സമ്മേളിച്ചു. ഈ സമ്മേളനത്തിന് ഒന്നാം ജനീവ സമ്മേളനം എന്നു പറയുന്നു. ഈ സമ്മേളനത്തിൽ വച്ച് ഈ സംഘടനയ്ക്ക് റെഡ്ക്രോസ് സൊസൈറ്റി എന്ന പേര് സ്വീകരിച്ചു.ചുവന്ന കുരിശ് അടയാളമായി സ്വീകരിച്ചു.

1901 ൽ സമാധാനത്തിനുള്ള നോബൽ സമ്മാനം ഡുനാന്റിനെ തേടിയെത്തി. 1910 ഒക്ടോബർ 30 ന് ജീൻ ഹെൻറി ഡുനാന്റെ അന്തരിച്ചു. അദ്ദേഹത്തിന്റെ ജന്മദിനം 8 റെഡ്ക്രോസ് ദിനമായി ആചരിക്കുന്നു.

## ജൂനിയർ റെഡ്ക്രോസ്(ജെ.ആർ.സി)

ഡുനന്റെ മരിച്ചു കഴിഞ്ഞ് 10 വർഷം കഴിഞ്ഞ് രൂപം കൊണ്ടതാണ് ജൂനിയർ വിഭാഗം രൂപം കൊണ്ടത്. അന്താരാഷ്ട്ര റെഡ്ക്രോസ് സംഘടനയുടെ ഒരു യുവജനപ്രസ്ഥാനമാണ് ജെ.ആർ.സി. 1920 ൽ ഭാരതത്തിൽ ജെ.ആർ.സി. ആരംഭിച്ചു. മലയാളത്തിലെ ആദ്യത്തെ ജെ.ആർ.സി. യൂണിറ്റ് എന്ന ബഹുമതി പാലക്കാട് സെന്റ് തോമസ് മിഷൻ സ്കൂളിനാണ്. കേരളത്തിലെ ആദ്യ മോഡൽ യൂണിറ്റ് ബഹുമതി കൊല്ലം ജില്ലയിലെ കടയ്ക്കൽ സ്കൂളിലാണ്. I serve jrc motto.

ജൂനിയർ റെഡ്ക്രോസിന്റെ പ്രധാനലക്ഷ്യങ്ങൾ

ആരോഗ്യം അഭിവൃദ്ധിപ്പെടുത്തുക

പരോപകാര പ്രവർത്തനം,അന്താരാഷ്ട്ര സൗഹൃദം വളർത്തുക എന്നിവയാണ് ജൂനിയർ റെഡ്ക്രോസിന്റെ പ്രധാന ലക്ഷ്യങ്ങൾ.ജെ.ആർ.സി. യൂണിറ്റിന്റെ ചുമതലവഹിക്കുന്ന അദ്ധ്യാപകനെ കൗൺസിലർ എന്നാണറിയപ്പെടുന്നത്. തൂവെള്ള വസ്ത്രമാണ് ജെ.ആർ.സി. അംഗങ്ങളുടെ വേഷം.റെഡ്ക്രോസ് അങ്കിതമായ ബെൽറ്റും സ്കാർഫും ബട്ടനും ഇവരെ തിരിച്ചറിയാൻ സഹായിക്കുന്നു. വെള്ള ക്യാൻവാസ് ഷൂസും,സോക്സും ചുവന്ന ബെൽറ്റും ഇവരുടെ വേഷത്തിന് മാറ്റ് കൂട്ടുന്നു.

### വിദ്യാലയങ്ങളിൽ ജെ.ആർ.സി. എങ്ങനെ സംഘടിപ്പിക്കാം

